**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1050** 11-02-2025 - ൽ മറുപടിയ്ക്ക്

**മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിലെ ജൽജീവൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | **ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്ത് മുണ്ടക്കയം-കോരുത്തോട് പഞ്ചായത്തുകളിലെ പ്രവൃത്തികൾ ഏഴ് പാക്കേജുകൾ ആയി നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**<u>പാക്കേജ് – 1</u>**<br><br>**മുണ്ടക്കയം കോരുത്തോട് പഞ്ചായത്തുകൾക്കായിട്ടുള്ള ശുദ്ധജല പദ്ധതി 9.0 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാല, മുരിക്കയത്ത് 9 മീറ്റർ വ്യാസമുള്ള സംഭരണ കിണറും മുളങ്കുന്നം 5.0 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സിയോൻ കുന്നിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും കൺവെയൻസ് ആൻഡ് ട്രാൻസ്മിഷൻ ലൈനുകളുടെയും വിതരണ ശൃംഖലകളുടെയും സ്ഥാപിപ്പിക്കൽ 6900 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തി 175.46 കിലോമീറ്റർ ദൂരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി.**<br><br>**നിലവിലെ പുരോഗതി - ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 19 കിലോമീറ്റർ സപ്ലൈ ചെയ്തു**<br><br>**<u>പാക്കേജ് –2</u>**<br><br>**മുണ്ടക്കയം പഞ്ചായത്തിൽ മൈക്കോളജിയിൽ നാല്പ ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി ചെളികുഴിയിൽ 10.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി പാറത്താനത്ത് ബൂസ്റ്റിംഗ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും 7909 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തി 171.5 കിലോമീറ്റർ ദൂരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.**<br><br>**നിലവിലെ പുരോഗതി - വർക്ക് ഓർഡർ നൽകി. കരാർ വെയ്ക്കേണ്ടതുണ്ട്**<br><br>**<u>പാക്കേജ് -3</u>**<br><br>**മുണ്ടക്കയം പഞ്ചായത്തിലെ വട്ടക്കാവിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ, ഭൂതല ജലസംഭരണി നിർമ്മാണം, 1178 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തി, അണ്ടർ വാട്ടർ ക്രോസിങ്, 46.66 കിലോമീറ്റർ ദൂരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി, പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിക്കുഴിക്കുന്ന റോഡുകൾ പുന:സ്ഥാപിക്കുന്ന പ്രവൃത്തികൾ**<br><br>**നിലവിലെ പുരോഗതി - 12. കി. മീ പൈപ്പുകൾ സപ്ലൈ ചെയ്തു.** |

<table>
<tr><td></td><td></td><td></td><td><u>പാക്കേജ് –4</u><br><br>കോരുത്തോട് പഞ്ചായത്തിൽ വെള്ളാനികവലയിൽ ഭൂതല ജല സംഭരണി, വിതരണ ശൃംഖല സ്ഥാപിച്ച് 1325 ഗർഹിക കണക്ഷനുകൾ നൽകൽ, 82.65 കി മീ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.<br><br>നിലവിലെ പുരോഗതി : ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ - 42.668km പൈപ്പ് സപ്ലൈ ചെയ്തു, 36 .71 km പൈപ്പ് സ്ഥാപിച്ചു.<br><br><u>പാക്കേജ് – 5</u><br><br>കോരുത്തോട് പഞ്ചായത്തിൽ ചകിരിമേട്, കൊമ്പുകുത്തി എന്നിവിടങ്ങളിൽ ഭൂതല ജല സംഭരണികളുടെ നിർമ്മാണം കൊമ്പുകുത്തിയിൽ സ്റ്റീൽ ബൂസ്റ്റിങ് ടാങ്ക് സ്ഥാപിക്കൽ വിതരണ ശൃഖല സ്ഥാപിച്ച് 845 ഗാർഹിക കണക്ഷനുകൾ നൽകൽ 65.18 കിമീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.<br><br>നിലവിലെ പുരോഗതി: റീ ടെൻഡർ നടപടിയിൽ ആണ്<br><br><u>പാക്കേജ് –6</u><br><br>കോരുത്തോട് പഞ്ചായത്തിൽ ഏഴാലുംതടം ഭൂതല ജല സംഭരണികളുടെ നിർമ്മാണം വിതരണ ശൃംഖല സ്ഥാപിച്ച് 1086 ഗർഹിക കണക്ഷനുകൾ നൽകൽ 63.23 കിമീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.<br><br>നിലവിലെ പുരോഗതി : 15.64 കിമീ പൈപ്പ് സപ്ലൈ ചെയ്തു.<br><br><u>പാക്കേജ് -7</u><br><br>മണിമലയാറിന് കുറുകെ ചെക്ക് ഡാം, 13 കി മീ 300 എം.എം. ഡി.ഐ. റോ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ എരുമേലി ശുദ്ധീകരണ ശാലയിൽ ബൂസ്റ്റർ പമ്പിങ് സ്റ്റേഷൻ, എരുമേലി പഴയ ഇൻടേക് വെല്ലിൽ പുതിയ പമ്പ് സ്ഥാപിക്കൽ, 14 കിലോമീറ്റർ പൈപ്പുകളുടെ സപ്ലൈയും സ്ഥാപിക്കലും, റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ.<br><br>നിലവിലെ പുരോഗതി : വർക്ക് ഓർഡർ നൽകി. കരാർ വയ്ക്കേണ്ടതുണ്ട്. .</td></tr>
<tr><td>(ബി)</td><td>മുണ്ടക്കയം ശുദ്ധജല വിതരണ പദ്ധതിയിലെ പാക്കേജ് 2, പാക്കേജ് 6, പാക്കേജ് 7 എന്നിവയിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?</td><td>(ബി)</td><td>ഈ പദ്ധതി പ്രവൃത്തികളിൽ പാക്കേജ് 2, പാക്കേജ് 7 ഇവയ്ക്ക് വർക്ക് ഓർഡർ നൽകി. കരാർ വയ്ക്കേണ്ടതുണ്ട്. പാക്കേജ് 6 ൽ 15.64 കിമീ പൈപ്പ് വിതരണം ചെയ്തു. ഇതിൽ 14.5 കി മീ പൈപ്പ് ലൈൻ സ്ഥാപിച്ചു.</td></tr>
</table>

സെക്ഷൻ ഓഫീസർ